ഉത്തരം

(എ) കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിച്ച കൃഷി അസിസ്റ്റന്റുമാർക്ക വേണ്ടി പുതിയ കൃഷി ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ബി) കേസ് നിലവിലില്ല.

(സി) ഇല്ല. കൃഷി അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരമാണ് നടത്തിവരുന്നത്.

## കൃഷി അസിസ്റ്റന്റുമാരുടെയും കൃഷി ഓഫീസർമാരുടെയും പൊതുസ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ

**144 (4179)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ കൃഷി ഓഫീസർ ജില്ലയ്ക്കുള്ളിൽനടത്തുന്ന കൃഷി അസിസ്റ്റന്റുമാരുടെയും അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെയും പൊതുസ്ഥലംമാറ്റത്തിന് പാലക്കാട് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) സ്ഥലംമാറ്റത്തിന് പൊതുമാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) പാലക്കാട് ജില്ലാ ഓഫീസറുടെ E(1)433/2015 തീയതി 19-6-2015 പ്രകാരം സ്ഥലംമാറ്റപ്പെട്ടവർ ഓരോരുത്തരും അവർ ജോലിചെയ്തിരുന്ന ഓഫീസുകളിൽ തുടർച്ചയായി എത്ര വർഷം, എത്ര മാസം, എത്ര ദിവസം ജോലിചെയ്തിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്ഥലംമാറ്റപ്പെട്ടവരിൽ അപേക്ഷ നൽകാത്തവർ ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു കാരണത്താലാണ് അവരെ സ്ഥലം മാറ്റിയത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൃഷി അസിസ്റ്റന്റുമാരുടെയും അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെയും പൊതു സ്ഥലംമാറ്റത്തിന് പാലക്കാട് ജില്ലയിൽ 57 അപേക്ഷകൾ ലഭിച്ചു.

(ബി) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പൊതു മാനദണ്ഡങ്ങളാണ് ഇക്കാര്യത്തിൽ ബാധകം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി ഉത്തരവിലെ ക്രമനമ്പർ ഒന്നുമുതൽ ഏഴ് വരെയുള്ളവർ മലപ്പുറം ജില്ലയിൽനിന്നും പാലക്കാട് ജില്ലയിലേക്ക് സ്ഥലംമാറ്റപ്പെട്ടവരാണ്. ഇവർ ഒഴികെയുള്ളവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഉണ്ട്. ഭരണപരമായ സൗകര്യം, പൊതുതാൽപ്പര്യം, പൊതു സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ തുടങ്ങിയവ പരിഗണിച്ചാണ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുള്ളത്.

## സമഗ്ര പച്ചക്കറി വികസന പദ്ധതി

**145 (4180)** ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പാലോട് രവി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കാനും വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കാനും പുതിയ തലമുറയെ കാർഷികവൃത്തിയിലേയ്ക്കാകർഷിക്കാനും ലക്ഷ്യമിട്ട് 2015-16-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ജൈവകൃഷിക്ക് ഊന്നൽ നൽകികൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ജൈവരീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളിലും യുവജനങ്ങളിലും ഒരു അവബോധം സൃഷ്ടിക്കാനും ജൈവകൃഷി ആസ്പദമാക്കിയുള്ള ലഘുലേഖകളും കൈപുസ്തകങ്ങളും സംസ്ഥാനത്തെ സ്കൂളുകൾ, കൃഷിഭവനുകൾ എന്നിവ മുഖേന നൽകിവരുന്നുണ്ട്. ആവശ്യമായ പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പദ്ധതിമുഖേന ആകെ 32629 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്യാനും 424144 ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാനുമാണ് ലക്ഷ്യമിടുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly